മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം
സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)
(തദ്ദേശ സ്വയംഭരണ വകുപ്പ് , കേരള സർക്കാർ)
2-ാം നില, സി.ഡബ്ല്യു.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ : 0471-2724696
ഇ-മെയിൽ: keralasocialaudit@gmail.com www.socialaudit.kerala.gov.in

നമ്പർ. 36/എം.ജി.എൻ.എസ്.എ.എസ്.കെ/20 തീയതി:17.12.2022

സർക്കുലർ

വിഷയം: സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകൾ എക്സിറ്റ് മീറ്റിംഗിൽ അവതരിപ്പിച്ച് പദ്ധതി നിർവ്വഹണ ചുമതലയുള്ളവരുടെ അഭിപ്രായങ്ങൾ കേൾക്കുകയും വ്യക്തത വരുത്തുകയും ചെയ്യുന്നതു സംബന്ധിച്ച്.

പ്രിയപ്പെട്ട റിസോഴ്സ് പേഴ്സൺമാർ,

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സ് സംബന്ധിച്ച് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ തയ്യാറാക്കി പുറപ്പെടുവിച്ചിട്ടുള്ള ആഡിറ്റ് സ്കീം റൂൾസ് പൂർണ്ണമായും പാലിച്ചുകൊണ്ട് മാത്രമേ സോഷ്യൽ ഓഡിറ്റ് നടത്തുവാൻ പാടുള്ളൂ. ഏതൊരു ആഡിറ്റിന്റെയും അടിസ്ഥാന തത്വങ്ങളിൽ ഒന്നാണ് ആഡിറ്റ് റിപ്പോർട്ട് അന്തിമാക്കുന്നതിന് മുമ്പ് നിർവ്വഹണ ചുമതലയുള്ളവരുമായി ആഡിറ്റിൽ ബോധ്യപ്പെട്ട സംഗതികളെ സംബന്ധിച്ച് വിശദീകരിക്കുകയും അവർക്ക് അറിയിക്കാനുള്ളത് കേൾക്കുന്നതിനും ഇതുസംബന്ധിച്ച വ്യക്തത വരുത്തുന്നതിന് അവസരം നൽകുകയെന്നതും. സോഷ്യൽ ഓഡിറ്റ് പ്രക്രിയയിൽ ഇതിനുള്ള അവസരമാണ് എക്സിറ്റ് മീറ്റിംഗിലൂടെ ഉറപ്പാക്കേണ്ടത്.

ഇതിനകം തന്നെ സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ നിന്നും സർക്കുലർ നമ്പർ 36/എം.ജി.എൻ.എസ്.എ.എസ്.കെ/20 തീയതി 20.7.2022 അനുസരിച്ച് ഫയൽ പരിശോധന പൂർത്തിയാക്കിയതിനുശേഷം ഫയൽ ഫയൽ പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള പ്രശ്നങ്ങൾ നിർവ്വഹണ ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് സെക്രട്ടറി, അക്രെഡിറ്റഡ് എഞ്ചിനീയർ എന്നിവർക്ക് ഫയൽ വെരിഫിക്കേഷൻ റിപ്പോർട്ടായി രേഖാമൂലം നൽകണമെന്ന് നിർദ്ദേശിക്കപ്പെട്ടിരുന്നുവല്ലോ. തുടർന്ന് ഫീൽഡ് പരിശോധന പൂർത്തിയാക്കിയതിനുശേഷം പഞ്ചായത്തിലെ ഓരോ വാർഡിലും നടപ്പാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കണ്ടെത്തിയ പോരായ്മകളും നിലനില്ക്കുന്ന പ്രശ്നങ്ങളും സംബന്ധിച്ച കുറിപ്പ് തയ്യാറാക്കി പ്രവൃത്തി അടിസ്ഥാനത്തിലും മൊത്തത്തിലും ഗ്രാമപഞ്ചായത്ത് തലത്തിൽ നടത്തുന്ന എക്സിറ്റ് യോഗത്തിൽ രേഖാമൂലം അവതരിപ്പിച്ച് ബന്ധപ്പെട്ടവർക്ക് കൈമാറണം. ഇതിന്മേൽ അഭിപ്രായങ്ങളും വിശദീകരണവും നൽകാൻ ഏറ്റവും കുറഞ്ഞത് അഞ്ചുദിവസത്തെ എങ്കിലും പഞ്ചായത്തുകൾക്ക് സമയം നൽകേണ്ടതുണ്ട്. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ അഭിപ്രായങ്ങൾ രേഖാമൂലം അറിയിക്കാത്ത പക്ഷം സോഷ്യൽ ഓഡിറ്റ് റിസോഴ്സ്പേഴ്സൺമാർ ആഡിറ്റ് റിപ്പോർട്ടിന്റെ കരട് തയ്യാറാക്കി ഗ്രാമസഭയോഗത്തിൽ അവതരിപ്പിക്കണം. ഗ്രാമസഭാ യോഗത്തിൽ അവതരിപ്പിക്കുന്ന റിപ്പോർട്ടിന്റെ പൂർണ്ണരൂപം നിർവ്വഹണ ചുമതലയുള്ളവർക്ക് മുൻകൂട്ടി നൽകേണ്ടതില്ല. എക്സിറ്റ് മീറ്റിംഗിൽ

സോഷ്യൽ ഓഡിറ്റിൽ കണ്ടെത്തിയ പ്രധാനപ്പെട്ട പേരായ്മകൾ രേഖപ്പെടുത്തി വിശദീകരണത്തിനും അഭിപ്രായങ്ങൾക്കുമായി നൽകുക മാത്രമാണ് ചെയ്യേണ്ടത്.

സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട എല്ലാ ഘട്ടപ്രവർത്തനങ്ങളിലും റിസോഴ്സ് പേഴ്സൺമാർ പഞ്ചായത്തിലെ ജനപ്രതിനിധികളുമായും ഉദ്യോഗസ്ഥരുമായും തികഞ്ഞ സൗഹൃദവും സഹകരണവും ജനാധിപത്യ മൂല്ല്യങ്ങളിലൂന്നിയ സമീപനവും പുലർത്തണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

ഡോ.എൻ.രമാകാന്തൻ
ഡയറക്ടർ

To

എല്ലാ ജില്ല-ബ്ലോക്ക്-വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്കും

കോപ്പി: 1. എല്ലാ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും
2. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും